(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും അതിന് മറുപടി ലഭിച്ചോ എന്നും വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണതയും കാലതാമസവും പരിഹരിക്കുന്നതിനായി KS & SSR-ലെ ചട്ടം 15-ൽ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിജ്ഞാപനം പി.എസ്.സി.-യുടെ ഉപദേശത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും ഉപദേശം/ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം

2(2) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണ രീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.-യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചതായി അറിയാമോ ;എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയ്ക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായികതാരങ്ങൾക്ക് അവധി

3 (3) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയതലത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പരിശീലനങ്ങൾക്കും ആവശ്യമായ അവധി അനുവദിക്കാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പദ്ധ്യക്ഷന്മാരും ഉയർന്ന ഉദ്യോഗസ്ഥതലത്തിലും നിരസിക്കുകയും അതുകാരണം മികച്ച കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാനുള്ള അവസരം നഷ്ടമാകുന്നതും പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മതിയായ അവധി അനുവദിക്കാത്തതു കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി നിലവിലുള്ള നിയമപ്രകാരം പ്രതിവർഷം 90 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. കൂടാതെ 35-ാം ദേശീയ ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിലെ അംഗങ്ങളായ സർക്കാർ /പൊതുമേഖല ജീവനക്കാർക്ക് നിലവിൽ അനുവദനീയമായ സ്പെഷ്യൽ കാഷ്വൽ ലീവിന് പുറമേ പ്രസ്തുത ഗെയിംസിന്റെ പരിശീലനം, മത്സരം എന്നിവയ്ക്കായി കൂടുതലായി ആവശ്യം വരുന്നത്ര ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly